# നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത രോഗി

[ Malayalam - മലയാളം - مليالم ]

﴿ مريض ولا يستطيع الصيام ﴾


ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

الشيخ محمد صالح المنجد

http:// www.islam-qa.com


വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

ترجمة : شاكر حسين صلاحي


കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

**ചോ:** മുൻ കഴിഞ്ഞ റമദാനിൽ നഷ്ടപ്പെട്ട ധാരാളം നോമ്പ് നോറ്റ് വീട്ടാനുള്ള ഒരാളാകുന്നു ഞാൻ, ഇപ്പോൾ ആമാശയരോഗം കാരണം പ്രയാസമനുഭവിക്കുന്നതിനാൽ നോമ്പനുഷ്ഠിക്കാൻ സാധിക്കുന്നുമില്ല (ഒരുപക്ഷെ ഞാനൊരു നിത്യ രോഗിയായാൽ) പിന്നീട് നോറ്റ് വീട്ടാൻ സാധിച്ചുകൊള്ളണമെന്നില്ല ആസന്നമായ റമദാനിന്റെ കാര്യത്തിലും മുമ്പ് നഷ്ടപ്പെട്ട നോമ്പിന്റെ കാര്യത്തിലും ഞാനെന്താണ് ചെയ്യേണ്ടത്?

الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد :

**ഉ:** അർശിന്റെ നാഥനായ മഹാനായ അല്ലാഹു നിന്റെ രോഗം സുഖപ്പെടുത്തട്ടെ! താങ്കൾ വിശ്വസ്തനായ ഡോക്ടറോട് നിന്റെ കാര്യം കൂടിയാലോചിക്കുക, ഇപ്പോൾ നിന്നെ പ്രയാസപ്പെടുത്തുന്ന രോഗം സുഖപ്പെടുന്നതാണെങ്കിൽ നീ ഈ വർഷത്തേയും മുമ്പ് നഷ്ടപ്പെട്ടതുമായ വ്രതം താഴെ കൊടുക്കുന്ന ആയത്തിന്റെയടിസ്ഥാനത്തിൽ നീ ഖളാഅ് വീട്ടണം.

... ـمَنْ كَانَ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ... (البقرة :185)

‘‘...ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) ...’’ (അൽ ബഖറ : 185)

അതല്ല നീ സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത നിത്യ രോഗിയാണെന്ന് ബോധ്യപ്പെട്ടാൽ നഷ്ടപ്പെട്ട ഓരോ നോമ്പിനും പകരമായി ഒരു സാധുവിന് ഭക്ഷണം കൊടുക്കുക.

... وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ... (البقرة :184)

‘‘(ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ് ’’(അൽബഖറ:184) എന്ന ആയത്താകുന്നു അതിന്ന് തെളിവ്.

قَالَ ابْنُ عَبَّاسٍ : هُوَ الشَّيْخُ الْكَبِيرُ وَالْمَرْأَةُ الْكَبِيرَةُ لا يَسْتَطِيعَانِ أَنْ يَصُومَا فَيُطْعِمَانِ مَكَانَ كُلِّ يَوْمٍ مِسْكِينًا. (رواه البخاري :4505)

മേൽ ആയത്തിനെ വ്യാഖ്യാനിച്ചു കൊണ്ട് ഇബ്നു അബ്ബാസ് (ﷺ)പറയുന്നു: 'നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത വൃദ്ധനും, വൃദ്ധയും ഓരോ നോമ്പിന്നും പകരമായി ഒരു സാധുവിന് ഭക്ഷണം കൊടുക്കുക (ബുഖാരി:4505)' എന്നതാകുന്നു ആയത്തിന്റെ വിവക്ഷ, നിത്യ രോഗിക്കും വൃദ്ധന്റെ വിധി തന്നെയാകുന്നു.

قال ابن قدامة في "المغني" والمريض الذي لا يرجى شفاؤه حكمه حكم الشيخ الكبير

**(396/4)**

ഇബ്നു ഖുദാമ(ﷺ) പറഞ്ഞു: നിത്യരോഗികൾ നോമ്പൊഴിവാക്കി ഓരോ നോമ്പിന്നും പകരമായി ഒരു സാധുവിന് ഭക്ഷണം കൊടുക്കുക നിത്യരോഗിക്ക് വൃദ്ധന്റെ നിയമം തന്നെയാകുന്നു. (മുഗ്നി : 4/396)

ശൈഖ് ഇബ്നുഉഥൈമീൻ(ﷺ) പറഞ്ഞു: കാൻസർ രോഗം പോലെ സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത രോഗികൾക്കും, വൃദ്ധൻമാർക്കും, നീങ്ങാൻ സാധ്യതയില്ലാത്ത സ്ഥിരമായ ദുർബലതയുള്ളവർക്കും നോമ്പെടുക്കാൻ സാധിക്കാത്തതിനാൽ നോമ്പെടുക്കൽ നിർബന്ധമില്ല എന്ന് താഴെ കൊടുക്കുന്ന ഖുർആൻ സൂക്തങ്ങളിൽ നിന്ന് സുതരാം ഗ്രഹിക്കാം.

(فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ ) (التغابن :**16**)

"നിങ്ങൾക്ക് സാധിക്കുന്ന രീതിയിൽ അല്ലാഹുവിനെ സൂക്ഷിക്കുക" (തഗാബുൻ:16)

( لا يُكَلِّفُ اللَّهُ نَفْسًا إِلا وُسْعَهَا) (البقرة :**286**)

"അല്ലാഹു ഒരാളോടും തന്റെ കഴിവിൽപെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുന്നില്ല" (അൽബഖറ: 285)

എന്നാൽ അവർ ഓരോ നോമ്പിന്നും ഒരു സാധുവിന് ഭക്ഷണം കൊടുക്കേണ്ടതാകുന്നു. (الله أعلم) (മജാലിസു റമാദാൻ പേ:32)

وصلى الله على نبينا محمد وآله وصحبه وسلم

***********